"ഭരണഭാഷ മാതൃഭാഷ"

2

**കേരള സർക്കാർ**

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിക്കായുള്ള 5 തരം പേപ്പർ, 2 തരം പേപ്പർ കാർഡ് എന്നീ ഇനങ്ങൾ വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/SPD തീയതി, തിരുവനന്തപുരം, 16-01-2025

---

പരാമർശം: 1. 19.10.2024-ലെ സ.ഉ.(സാധാ) നം.7447/2024/GEDN നമ്പർ ഉത്തരവ്

2. സ്റ്റേഷനറി കൺട്രോളറുടെ 25.11.2024, 18.12.2024, 23.12.2024 തീയതികളിലെ STY-1359/2024-B2 നമ്പർ കത്തുകൾ

3. 16.12.2024 തീയതിയിലെ വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള പാഠപുസ്തക അച്ചടിക്കാവശ്യമായ 5 തരം പേപ്പർ, 2 തരം പേപ്പർ കാർഡ് ഇനങ്ങൾ എന്നിവ വാങ്ങുന്നതിനായി പരാമർശം (1) പ്രകാരം 124,00,00,000/- രൂപയുടെ (നൂറ്റി ഇരുപത്തി നാല് കോടി രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭരണാനുമതിപ്രകാരം 5 തരം പേപ്പർ ഇനങ്ങളും 2 തരം പേപ്പർ കാർഡും സ്റ്റേഷനറി വകുപ്പ് മുഖേന വാങ്ങി നൽകുന്നതിനായി 21/10/2024 തീയതിയിൽ സ്റ്റേഷനറി വകുപ്പ് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വലിയ പ്രചരണം നൽകി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും രണ്ട് വീതം പേപ്പർ മില്ലുകളാണ് ടെണ്ടറിൽ പങ്കെടുത്തത്.

2. ലഭ്യമായ ദർഘാസുകളിൽ, കുറഞ്ഞ നിരക്ക് ഓഫർ ലഭ്യമാക്കിയ സ്ഥാപനങ്ങളിൽ നിന്നും (L1) പേപ്പർ/കാർഡ് ഇനങ്ങൾ പർച്ചേസ് നടത്തുന്നതിനായുള്ള പ്രൊപ്പോസൽ വകുപ്പുതല പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി പരാമർശം (2) പ്രകാരം സ്റ്റേഷനറി കൺട്രോളർ സമർപ്പിച്ചു. പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകം കൃത്യ സമയത്ത് വിതരണം ചെയ്യേണ്ടതിനാൽ, ഇ-ടെണ്ടർ മുഖാന്തിരം ലഭിച്ച യോഗ്യമായ 2 ദർഘാസുകളുമായി മുന്നോട്ട് പോകുന്നതിന് ഇവാല്യുവേഷൻ കമ്മിറ്റിയും, ടെക്നിക്കൽ കമ്മിറ്റിയും തീരുമാനിച്ചതുപ്രകാരം പ്രസ്തുത ആവശ്യത്തിലേയ്ക്കായി രണ്ട് ദർഘാസുകൾ ഉൾപ്പെടുത്തി സ്റ്റേഷനറി വകുപ്പ് ക്ഷണിച്ച ഇ-ദർഘാസുകൾ അംഗീകരിച്ച് ലഭ്യമായ L1 നിരക്കിൽ പേപ്പർ ഇനങ്ങൾ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിൽ (TNPL) നിന്നും 75,466.46 രൂപ/ മെട്രിക് ടൺ നിരക്കിലും, കാർഡ് ഇനങ്ങൾ മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡിൽ നിന്നും 79,990/-രൂപ/ മെട്രിക് ടൺ നിരക്കിലും വാങ്ങുന്നതിന് ആകെ **98,25,82,995/-** രൂപയുടെ (തൊണ്ണൂറ്റിയെട്ട് കോടി

ഇരുപത്തിയഞ്ചുലക്ഷത്തി എൺപത്തി രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) പ്രൊപ്പോസൽ ഡി.പി.സി യുടെ പരിഗണനയ്ക്കായി സ്റ്റേഷനറി കൺട്രോളർ ശിപാർശ ചെയ്ത് സമർപ്പിച്ചു.

3. 16.12.2024 തീയതിയിൽ വകുപ്പുതല പർച്ചേസ് കമ്മിറ്റിയോഗം ചേരുകയും എന്നാൽ കാർഡ് ഇനങ്ങൾ വാങ്ങുന്നതിനായി ക്ഷണിച്ച ദർഘാസിലെ L1 നിരക്ക് (79,990/-രൂപ / മെട്രിക് ടൺ) രേഖപ്പെടുത്തിയ മെ. ഖന്ന പേപ്പർ മിൽസ് സമർപ്പിച്ച രണ്ട് സാമ്പിളുകളിൽ സാമ്പിൾ 2-ന്റെ നിരക്കായ 94,000/- രൂപ / മെട്രിക് ടൺ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടി സ്ഥാപനം കത്ത് നൽകുകയുണ്ടായെന്നും ദർഘാസ് വ്യവസ്ഥകൾ പ്രകാരം ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് 2 സാമ്പിളുകൾ സമർപ്പിക്കുന്നതിനും രണ്ടു നിരക്കുകൾ രേഖപ്പെടുത്തുന്നതിനും, ദർഘാസിൽ രണ്ടു നിരക്കുകൾ രേഖപ്പെടുത്തുകയും ഒരു സാമ്പിൾ മാത്രം പരിശോധനയ്ക്കായി സമർപ്പിക്കുകയും സാമ്പിളിന് മുകളിൽ സാമ്പിൾ-1, സാമ്പിൾ-2 എന്ന് വ്യക്തമായി രേഖപ്പെടുത്താതിരുന്നതിനാൽ ദർഘാസിൽ രേഖപ്പെടുത്തിയ നിരക്കുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സാമ്പിൾ പരിഗണിക്കും എന്ന് ദർഘാസ് വ്യവസ്ഥകളിൽ വ്യക്തമാക്കിയിരുന്നതായും ടെണ്ടർ വ്യവസ്ഥകൾ പ്രകാരം മെ. ഖന്ന പേപ്പർ മിൽസ് സമർപ്പിച്ചിട്ടുള്ള സാമ്പിളുകളിൽ സാമ്പിൾ 1,2 എന്ന് രേഖപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ, ഒരു സാമ്പിൾ സമർപ്പിച്ചതായി കണക്കാക്കി L1 നിരക്കിൽ (79,990/-രൂപ /മെട്രിക് ടൺ) സാധനം വിതരണം ചെയ്യാൻ ബാധ്യസ്ഥരാണെന്ന് കാണിച്ച് സ്റ്റേഷനറി വകുപ്പ് സ്ഥാപനത്തിന് മറുപടി നൽകിയിരുന്നുവെന്നും എന്നാൽ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പേയ്മെന്റ് നൽകാൻ 180 ദിവസം കാലതാമസം വരുമെന്നതിനാലും 30 ദിവസത്തിനകം പേയ്മെന്റ് നൽകുകയാണെങ്കിൽ കാർഡിനങ്ങൾ വിതരണം ചെയ്യാമെന്ന് സ്ഥാപനം അറിയിച്ചതായും സ്റ്റേഷനറി കൺട്രോളർ യോഗത്തിൽ അറിയിച്ചു. മെ. ഖന്ന പേപ്പർ മിൽസ് ദർഘാസ് വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ടാണ് 94,000/- രൂപ/മെട്രിക് ടൺ ആവശ്യപ്പെട്ടിട്ടുള്ളത്. ടി തുക L2 ബിഡർ ആയ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് ഓഫർ ചെയ്തിരുന്ന 80,229.71/- രൂപ/മെട്രിക് ടൺ നിരക്കിനേക്കാൾ കൂടുതൽ ആണ്. ടെണ്ടർ വ്യവസ്ഥകളിൽ പേയ്മെന്റ് വ്യവസ്ഥകൾ പറയാത്തതിനാൽ മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡിന്റെ വാദം അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ തൊട്ടടുത്ത കുറഞ്ഞ നിരക്കായ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് (L2) ഓഫർ ചെയ്ത 80,229.71/-രൂപ/ മെട്രിക് ടൺ നിരക്കിൽ പേപ്പർ അച്ചടിക്കുള്ള കാർഡ് ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും അപ്രകാരം നൽകുമ്പോൾ ശിപാർശ ചെയ്തിട്ടുള്ള പ്രൊപ്പോസലിന്റെ ആകെ തുകയായ 98,25,82,995/- (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയഞ്ചുലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപമാത്രം) രൂപയിൽ നിന്നും 3,78,992/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അധികരിക്കുന്നതാണ് എന്നും സ്റ്റേഷനറി കൺട്രോളർ അറിയിച്ചു.

4. പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് സ്റ്റേഷനറി കൺട്രോളർ ശിപാർശ ചെയ്ത പ്രകാരം പാഠപുസ്തക അച്ചടിക്കായുള്ള അഞ്ചിനം പേപ്പറുകൾ L1 ആയി തിരഞ്ഞെടുത്ത മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുവാനും, രണ്ട് തരം പേപ്പർ കാർഡിനങ്ങൾ ദർഘാസിൽ പങ്കെടുത്ത L1 ബിഡറായ മെ. ഖന്ന പേപ്പർ മിൽസിനെ

ഒഴിവാക്കിക്കൊണ്ട് L2 ബിഡറായ മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് ഓഫർ ചെയ്ത 80,229.71/-രൂപ /മെട്രിക് ടൺ നിരക്കിൽ വാങ്ങുവാനും വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗം തീരുമാനിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർന്നുള്ള പർച്ചേസുകൾ സ്റ്റോർസ് പർച്ചേസ് മാനുവൽ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ, പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് സ്റ്റേഷനറി വകുപ്പിന് ടെണ്ടറിൽ ലഭിച്ച രണ്ടു ദർഘാസുകൾ അംഗീകരിച്ചും, 2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിക്കായുള്ള 5 തരം പേപ്പറുകൾ L1 ബിഡറായ മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിനും, 2 തരം പേപ്പർ കാർഡിനങ്ങൾ സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.48 ലെ വ്യവസ്ഥകളിൽ ഇളവ് നൽകി L2 ബിഡറായിട്ടുള്ള മെ. തമിഴ്.നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും ചുവടെ ചേർത്ത പട്ടിക പ്രകാരം ആകെ **98,29,61,987/-രൂപയ്ക്ക്** (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി അറുപത്തൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പേപ്പർ ഇനങ്ങൾ</u>**

| ക്രമ നം. | ടെണ്ടർ നം. | ഇനങ്ങൾ | അളവ് (Quantity) (മെ. ടൺ) | നിരക്ക് (രൂപ/ മെ.ടൺ ) | തുക (രൂപ) |
|---|---|---|---|---|---|
| 1 | 74/2024-25 | മാപ്ലിത്തോപേപ്പർ 70 GSM 83 സെ.മി റീൽ | 7205.432 | 75,466.46/- | 54,37,68,446/- |
| 2 | 75/2024-25 | മാപ്ലിത്തോ പേപ്പർ 70 GSM 76 സെ.മി റീൽ | 3528.8 | 75,466.46/- | 26,63,06,044/- |
| 3 | 76/2024-25 | മാപ്ലിത്തോ പേപ്പർ 70 GSM 56 സെ.മി റീൽ | 68.2 | 75,466.46/- | 51,46,813/- |
| 4 | 77/2024-25 | മാപ്ലിത്തോപേപ്പർ 70 GSM 41.5 സെ.മി റീൽ | 370.283 | 75,466.46/- | 2,79,43,947/- |
| 5 | 78/2024-25 | മാപ്ലിത്തോപേപ്പർ 70 GSM 38 സെ.മി റീൽ | 171.6 | 75,466.46/- | 1,29,50,045/- |
| | | | | | **(I) ആകെ : 85,61,15,295/-** |

## കാർഡിനങ്ങൾ

| | | | | | |
|---|---|---|---|---|---|
| 6 | 79/2024-25 | Multi Layered Board/ Folding Box Board 200 GSM ( 58 X 86 cm) | 1027.74388 | 80,229.71/- | 8,24,55,593.4/- |
| 7 | 80/2024-25 | Multi Layered Board/ Folding Box Board 200 GSM ( 58 X 78 cm) | 553.3 | 80,229.71/- | 4,43,91,098.5/- |
| (II) ആകെ : 12,68,46,692/- | | | | | |

**ആകെ തുക (I+II) = 85,61,15,295 + 12,68,46,692= 98,29,61,987/-രൂപ**

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ. ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. കൺട്രോളർ സ്റ്റേഷനറി വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്( Vide U.O Note No. EDN-B3/196/2024-FIN dated 09.01.2025)
5. പൊതുവിദ്യാഭ്യാസ വകുപ്പ്
6. പൊതുഭരണ( എസ്.സി ) വകുപ്പ്
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-01-2025**

ഫയൽ നം. എസ്.പി.ഡി.-സി2/182/2024/എസ്.പി.ഡി. ഇനം നം: 2622

വിഷയം : സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള പാഠപുസ്തക അച്ചടിക്കാവശ്യമായ 5 തരം പേപ്പർ, 2 തരം പേപ്പർ കാർഡ് എന്നീ ഇനങ്ങൾ വാങ്ങുന്നതിനായി പർച്ചേസ് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradg
15/1/25

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

***മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്***

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എസ്.പി.ഡി–സി2/182/2024–എസ്.പി.ഡി |
| 2 | വകുപ്പ് | സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് |
| 3. | വിഷയം | 2025–26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള പാഠപുസ്തക അച്ചടിക്കാവശ്യമായ 5 തരം പേപ്പർ, 2 തരം പേപ്പർ കാർഡ് എന്നീ ഇനങ്ങൾ വാങ്ങുന്നതിനായി പർച്ചേസ് അനുമതി നൽകുന്നതു സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.01.2025 (നോട്ട് #92) |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | അതെ.<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. സ്മിത.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ .ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.01.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.01.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 13.01.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.01.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്. | |

<u>**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**</u>

2025-26 അദ്ധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) 2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള പാഠപുസ്തക അച്ചടിക്കാവശ്യമായ 5 തരം പേപ്പർ, 2 തരം പേപ്പർ കാർഡ് ഇനങ്ങൾ വാങ്ങുന്നതിനായി **124,00,00,000/-** രൂപയുടെ (നൂറ്റി ഇരുപത്തി നാല് കോടി രൂപ മാത്രം) ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് 19.10.2024-ലെ സ.ഉ.(സാധാ) നം.7447/2024/GEDN നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ടി ഭരണാനുമതിപ്രകാരം 5 തരം പേപ്പർ ഇനങ്ങളും 2 തരം പേപ്പർ കാർഡും സ്റ്റേഷനറി വകുപ്പ് മുഖേന വാങ്ങി നൽകുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം 21/10/2024 തീയതിയിൽ സ്റ്റേഷനറി വകുപ്പ് ടെന്റർ ക്ഷണിച്ചു.

(3) **പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ മാപ്ളിത്തോ പേപ്പർ 70 GSM** (83 cm Reel, 76 cm Reel, 56 cm Reel, 41.5 cm Reel, 38 cm Reel ) എന്നീ പേപ്പർ ഇനങ്ങൾക്കായി ക്ഷണിച്ച അഞ്ചു ദർഘാസുകളിൽ പങ്കെടുത്തത് മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് (TNPL), മെ. ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡ്, ഈറോഡ് എന്നീ രണ്ടു സ്ഥാപനങ്ങൾ മാത്രമാണ്. ഓരോ പേപ്പറിനങ്ങൾക്കും ടി സ്ഥാപനങ്ങൾ ഓഫർ ചെയ്ത നിരക്ക് യഥാക്രമം 75,466.46 -രൂപ/ മെ.ടൺ -ഉം 93,400/-രൂപ/ മെ.ടൺ -ഉം ആണ്.

(4) **പാഠപുസ്തക അച്ചടിക്കാവശ്യമായ Multi Layered Board/ Folding Box Board 200 GSM** ( 58 X 86 cm, 58 X 78 cm ) കാർഡിനങ്ങൾക്കായി ക്ഷണിച്ച രണ്ടു ദർഘാസുകളിൽ പങ്കെടുത്തത് മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡ്, അമൃത്സർ, മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾ ഓഫർ ചെയ്ത നിരക്ക് യഥാക്രമം 79,990/-രൂപ/ മെ. ടൺ, 80,229.71/-രൂപ/ മെ.ടൺ ആണ്.

(5) ഇപ്രകാരം ലഭ്യമായ ദർഘാസുകളിൽ, കുറഞ്ഞ നിരക്ക് ഓഫർ ലഭ്യമാക്കിയ സ്ഥാപനങ്ങളിൽ നിന്നും (L1) പേപ്പർ പർച്ചേസ് നടത്തുന്നതിനായുള്ള പ്രൊപ്പോസൽ വകുപ്പ് തല പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്റ്റേഷനറി കൺട്രോളർ സമർപ്പിച്ചു. രണ്ട് ദർഘാസുകൾ മാത്രമുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിരുന്നതെന്നതിനാൽ, ആയതിനുള്ള വിശദീകരണം സ്റ്റേഷനറി കൺട്രോളറോട് ആവശ്യപ്പെട്ടിരുന്നു. പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി കെ.ബി.പി.എസ്. ന് പേപ്പറും കാർഡുകളും വാങ്ങി നൽകേണ്ടതിനാലും കഴിഞ്ഞ വർഷത്തെക്കാൾ ഒരു മാസം താമസിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായതെന്നത് കണക്കിലെടുത്തും സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വലിയ പ്രചാരണം നൽകി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും രണ്ട് വീതം പേപ്പർ മില്ലുകളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകം കൃത്യസമയത്ത് വിതരണം ചെയ്യേണ്ടതിനാൽ, ഇ-ടെണ്ടർ മുഖാന്തിരം ലഭിച്ച യോഗ്യമായ 2 ദർഘാസുകളുമായി മുന്നോട്ട് പോകുന്നതിന് ഇവാല്യുവേഷൻ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും തീരുമാനിച്ചതുപ്രകാരവുമാണ് പ്രസ്തുത ആവശ്യത്തിലേയ്ക്കായി രണ്ട് ദർഘാസുകൾ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് സ്റ്റേഷനറി കൺട്രോളർ അറിയിച്ചു.

(6) സ്റ്റേഷനറി വകുപ്പ് ക്ഷണിച്ച ഇ- ദർഘാസുകൾ അംഗീകരിച്ച് ലഭ്യമായ L1 നിരക്കിൽ പേപ്പർ ഇനങ്ങൾ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിൽ (TNPL) നിന്നും 75,466.46 രൂപ/ മെ. ടൺ നിരക്കിലും, കാർഡ് ഇനങ്ങൾ മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡിൽ നിന്നും (79,990/- രൂപ/ മെ. ടൺ) വാങ്ങുന്നതിനാണ് ഡി.പി.സി യുടെ അനുമതിയ്ക്കായി ചുവടെ ചേർത്തിട്ടുള്ള പ്രകാരം **98,25,82,995/- രൂപയുടെ** (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയഞ്ചുലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ചുരൂപ മാത്രം) പ്രൊപ്പോസൽ സ്റ്റേഷനറി കൺട്രോളർ ശിപാർശ ചെയ്തിരുന്നത്.

**<u>പേപ്പർ ഇനങ്ങൾ</u>**

| ക്രമ നം. | ടെണ്ടർ നം. | ഇനങ്ങൾ | അളവ് (Quantity) | നിരക്ക് (രൂപ/ മെ.ടൺ ) | തുക (രൂപ) |
|---|---|---|---|---|---|
| 1 | 74/2024-25 | മാപ്ളിത്തോപേപ്പർ 70 GSM 83 സെ.മി റീൽ | 7205.432 | 75,466.46/- | 54,37,68,446/- |
| 2 | 75/2024-25 | മാപ്ളിത്തോ പേപ്പർ 70 GSM 76 സെ.മി റീൽ | 3528.8 | 75,466.46/- | 26,63,06,044/- |
| 3 | 76/2024-25 | മാപ്ളിത്തോ പേപ്പർ 70 GSM 56 സെ.മി റീൽ | 68.2 | 75,466.46/- | 51,46,813/- |
| 4 | 77/2024-25 | മാപ്ളിത്തോപേപ്പർ 70 GSM 41.5 സെ.മി റീൽ | 370.283 | 75,466.46/- | 2,79,43,947/- |
| 5 | 78/2024-25 | മാപ്ളിത്തോപേപ്പർ 70 GSM 38 സെ.മി റീൽ | 171.6 | 75,466.46/- | 1,29,50,045/- |
| | | | | | **(I) ആകെ : 85,61,15,295/-** |

**കാർഡിനങ്ങൾ**

| | | | | | |
|---|---|---|---|---|---|
| 6 | 79/2024-25 | Multi Layered Board/ Folding Box Board<br><br>200 GSM ( 58 X 86 cm) | 1027.74388 | 79,990/- | 8,22,09,233/- |
| 7 | 80/2024-25 | Multi Layered Board/ Folding Box Board<br><br>200 GSM ( 58 X 78 cm ) | 553.3 | 79,990/- | 4,42,58,467/- |
| **(II) ആകെ : 12,64,67,700/-** | | | | | |

ആകെ തുക **(I+II) = 85,61,15,295 + 12,64,67,700 = 98,25,82,995/-**രൂപ

(7) മത്സരാധിഷ്ഠിതവും സുതാര്യവുമായ ടെന്റർ നടപടികൾക്ക് രണ്ടിൽ കൂടുതൽ ദർഘാസുകൾ ആവശ്യമാണ്. ആയത് ലഭ്യമല്ലെങ്കിൽ റീ ടെന്റർ നടപടികൾ സ്വീകരിക്കുന്നതാണ് അഭികാമ്യം. എന്നാൽ, പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് ടെണ്ടറിൽ ലഭിച്ച രണ്ടു ദർഘാസുമായി മുന്നോട്ടു പോകുന്നതിന് ബഹു. മുഖ്യമന്ത്രി അംഗീകാരം നൽകുകയും ആയതുപ്രകാരം 16.12.2024 ന് വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗം ചേർന്നു. പാഠപുസ്തക അച്ചടിക്കാവശ്യമായ Multi Layered Board/ Folding Box Board 200 GSM (58 X 86 cm, 58 X 78 cm) കാർഡ് ഇനങ്ങൾ L1 ഓഫർ ചെയ്ത നിരക്കിൽ (79,990/- രൂപ / മെട്രിക് ടൺ) മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായിട്ടാണ് ഡി.പി.സിയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നതെന്നും, എന്നാൽ ഡി.പി.സിയ്ക്ക് ശിപാർശ ചെയ്തതിന് ശേഷം ടി കാർഡ് ഇനങ്ങൾ വാങ്ങുന്നതിനായി ക്ഷണിച്ച ദർഘാസിലെ L1 നിരക്ക് (79,990/- രൂപ / മെട്രിക് ടൺ) രേഖപ്പെടുത്തിയ ഖന്ന പേപ്പർ മിൽസ് സമർപ്പിച്ച രണ്ട് സാമ്പിളുകളിൽ സാമ്പിൾ 2-ന്റെ നിരക്കായ 94,000/- രൂപ / മെട്രിക് ടൺ പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് ടി സ്ഥാപനം കത്ത് നൽകിയിരുന്നെന്ന് സ്റ്റേഷനറി കൺട്രോളർ യോഗത്തിൽ അറിയിച്ചു.

(8) ദർഘാസ് വ്യവസ്ഥകൾ പ്രകാരം ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് 2 സാമ്പിളുകൾ സമർപ്പിക്കുന്നതിനും രണ്ടു നിരക്കുകൾ രേഖപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിരുന്നതായും എന്നാൽ ദർഘാസിൽ രണ്ടു നിരക്കുകൾ രേഖപ്പെടുത്തുകയും ഒരു സാമ്പിൾ മാത്രം പരിശോധനയ്ക്കായി സമർപ്പിക്കുകയും സാമ്പിളിന് മുകളിൽ സാമ്പിൾ-1, സാമ്പിൾ-2 എന്ന് വ്യക്തമായി രേഖപ്പെടുത്താതിരുന്നതിനാൽ ദർഘാസിൽ രേഖപ്പെടുത്തിയ നിരക്കുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സാമ്പിൾ പരിഗണിക്കും എന്ന് വ്യക്തമാക്കിയിരുന്നതായും ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ഖന്ന പേപ്പർ മിൽസ് സമർപ്പിച്ചിട്ടുള്ള സാമ്പിളുകളിൽ സാമ്പിൾ 1, 2 എന്ന് രേഖപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ, ഒരു സാമ്പിൾ സമർപ്പിച്ചതായി കണക്കാക്കി L1 നിരക്കിൽ (79,990/-രൂപ /മെ.ടൺ) സാധനം വിതരണം ചെയ്യാൻ ബാധ്യസ്ഥരാണെന്ന് കാണിച്ച് സ്റ്റേഷനറി വകുപ്പ് സ്ഥാപനത്തിന് മറുപടി നൽകിയെന്നും എന്നാൽ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പേയ്മെന്റ് നൽകാൻ 180 ദിവസം കാലതാമസം വരുമെന്നതിനാലും 30 ദിവസത്തിനകം പേയ്മെന്റ് നൽകുകയാണെങ്കിൽ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നുമാണ് കമ്പനിയുടെ ഇപ്പോഴത്തെ വാദമെന്നും, മെ. ഖന്ന പേപ്പർ മിൽസ് ദർഘാസ് വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ടാണ് 94,000/- രൂപ/മെ. ടൺ ആവശ്യപ്പെട്ടിട്ടുള്ളതെന്നും സ്റ്റേഷനറി കൺട്രോളർ വകുപ്പുതല പർച്ചേസ് കമ്മറ്റി യോഗത്തിൽ അറിയിച്ചിരുന്നു. ടി തുക L2 ബിഡർ ആയ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് ഓഫർ ചെയ്തിരുന്ന 80,229.71/-രൂപ/മെ. ടൺ നിരക്കിനേക്കാൾ കൂടുതൽ ആണ്. ടെണ്ടർ വ്യവസ്ഥകളിൽ പേയ്മെന്റ് വ്യവസ്ഥകൾ പറയാത്തതിനാൽ മെ. ഖന്ന പേപ്പർ മിൽസ് ലിമിറ്റഡിന്റെ വാദം അംഗീകരിക്കാൻ കഴിയില്ല എന്നും ആയതിനാൽ തൊട്ടടുത്ത കുറഞ്ഞ നിരക്കായ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് (L2) ഓഫർ ചെയ്ത

80,229.71/-രൂപ/ മെ.ടൺ നിരക്കിൽ പേപ്പർ അച്ചടിക്കുള്ള കാർഡ് ഇനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും സ്റ്റേഷനറി കൺട്രോളർ ഡി.പി.സി യോഗത്തിൽ അഭ്യർത്ഥിച്ചു. ആയത് പരിശോധിച്ചതിൽ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് ഓഫർ ചെയ്ത നിരക്ക് പ്രകാരം ആകെ തുകയിൽ വരുന്ന വ്യത്യാസം ഡി.പി.സി യോഗത്തിലേക്കായി സ്റ്റേഷനറി കൺട്രോളർ ആദ്യം ശിപാർശ ചെയ്തിരുന്ന പ്രൊപ്പോസലിന്റെ ആകെ തുകയായ 98,25,82,995/- (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയഞ്ചുലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപമാത്രം) രൂപയിൽ നിന്നും **3,78,992/- രൂപ** (മൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അധികരിച്ചിട്ടുള്ളതാണ്.

(9) സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.40 പ്രകാരം ടെണ്ടർ അംഗീകരിക്കുന്ന തീയതിയ്ക്ക് ശേഷം ടെണ്ടർ വാഗ്ദാനം പുതുക്കുന്നതിന്/മാറ്റം വരുത്തുന്നതിന് ബിഡർക്ക് സാധിക്കുന്നതല്ല. സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 8.15 പ്രകാരം ദർഘാസിന്റെ സാധുതാ കാലയളവിനുള്ളിൽ ദർഘാസ് പിൻവലിക്കുകയോ മാറ്റം വരുത്തുകയോ ടെണ്ടറിന്റെ സാധുതാകാലയളവിൽ എന്തെങ്കിലും വീഴ്ച വരുത്തുകയോ ചെയ്താൽ നിരതദ്രവ്യ നിക്ഷേപം കണ്ടുകെട്ടാവുന്നതാണ്.

(10) സ്റ്റോർസ് പർച്ചേസ് മാന്വൽ 9.48 പ്രകാരം L1-ന്റെ വില ന്യായമല്ലെങ്കിൽ ഒന്നാമതായി, ഇത്തരത്തിൽ എത്തിച്ചേർന്ന ന്യായവില ശരിയാണോ അല്ലയോ എന്ന് പുനഃപരിശോധിക്കാൻ തങ്ങളുടെ പക്കലുള്ള വിവരങ്ങളും വിശദാംശങ്ങളും പർച്ചേസ് വകുപ്പ് പുനരവലോകനം ചെയ്യണം. അത് ശരിയാണെന്ന് കണ്ടാൽ, ഒരു തികഞ്ഞ അസാധാരണ നടപടിയെന്നനിലയിൽ, വില വീണ്ടും കുറയ്ക്കുവാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായി, മൂല്യ നിർണ്ണയം നടത്തിയ യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ ദർഘാസുകാരനുമായി (L1) മാത്രം പർച്ചേസ് വകുപ്പിന് വില സംബന്ധമായി

കൂടിയാലോചന നടത്താവുന്നതാണ്. അഭിലഷണീയ തലത്തിലേക്ക് L1 വിലകുറയ്ക്കുന്നുവെങ്കിൽ കരാർ അതിന് നൽകാവുന്നതും എന്നാൽ അത് വിസമ്മതിക്കുന്നുവെങ്കിൽ ആ സംഗതിയുടെ മേന്മയുടെ അടിസ്ഥാനത്തിൽ പുനർ ദർഘാസ് പോലുള്ള തുടർ നടപടിയെക്കുറിച്ച് തീരുമാനിക്കാവുന്നതുമാണ്. ടി വ്യവസ്ഥകൾ സ്റ്റേഷനറി വകുപ്പ് പാലിച്ചതായി കാണുന്നില്ല.

(11) ഈ സാഹചര്യത്തിൽ 16.12.2024 തീയതിയിൽ ചേർന്ന വകുപ്പുതല പർച്ചേസ് കമ്മറ്റി യോഗം ഇക്കാര്യം പരിശോധിക്കുകയും പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് സ്റ്റേഷനറി കൺട്രോളർ ശിപാർശ ചെയ്ത പ്രകാരം പാഠപുസ്തക അച്ചടിക്കായുള്ള അഞ്ചിനം പേപ്പറുകൾ L1 ആയി തിരഞ്ഞെടുത്ത മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുവാനും, രണ്ട് തരം പേപ്പർ കാർഡിനങ്ങൾ ഈ ദർഘാസിൽ പങ്കെടുത്ത L1 ബിഡറായ മെ. ഖന്ന പേപ്പർ മിൽസിനെ ഒഴിവാക്കിക്കൊണ്ട് L2 ബിഡറായ മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് ഓഫർ ചെയ്ത 80,229.71/- രൂപ /മെ.ടൺ നിരക്കിൽ വാങ്ങുവാനും തീരുമാനിച്ചു. എന്നാൽ രണ്ട് ഇനം പേപ്പർ കാർഡിനങ്ങൾ വാങ്ങുന്നതിന് L2 ബിഡറായ മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്ന് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ 9.48-ൽ ഇളവ് നൽകേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ വകുപ്പുതല പർച്ചേസ് കമ്മറ്റി തീരുമാനം അംഗീകരിച്ച് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പർ ഇനങ്ങളും പേപ്പർ കാർഡ് ഇനങ്ങളും വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ആകെ 98,29,61,987/-രൂപയ്ക്ക് **(തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി അറുപത്തൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം)** പർച്ചേസ് അനുമതി

നൽകുന്നതിനുമായി ഫയൽ ബഹു. സ്റ്റോർസ് പർച്ചേസ് വകുപ്പുമന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി. മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യവകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തി പുനഃസമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായി.

(12) ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*2025-26 വർഷത്തെ പാഠപുസ്തക അച്ചടിക്കായി കെ.ബി.പി.എസ്സ്-ന് സമയബന്ധിതമായി പേപ്പറും കാർഡുകളും വാങ്ങി നൽകേണ്ടതിനാലും കഴിഞ്ഞ വർഷത്തെക്കാൾ ഒരു മാസം താമസിച്ചാണ് ഭരണാനുമതി ലഭ്യമായതെന്നത് കണക്കിലെടുത്തും ഭരണാനുമതി ലഭ്യമായ അന്നു തന്നെ വകുപ്പ് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു എന്നും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വലിയ പ്രചരണം നൽകി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും രണ്ട് വീതം പേപ്പർ മില്ലുകളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകം സമയത്ത് വിതരണം ചെയ്യേണ്ടതിനാലാണ് ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇ-ടെണ്ടർ മുഖാന്തിരം ലഭിച്ച 2 ദർഘാസുകളുമായി മുന്നോട്ട് പോകുന്നതിന് തീരുമാനിച്ചത് എന്നും സ്റ്റേഷനറി കൺട്രോളർ അറിയിച്ചതിൻപ്രകാരം 16/12/2024 ൽ ഡിപിസി യോഗത്തിൽ പേപ്പർ പർച്ചേസ് സംബന്ധിച്ച് 2 ദർഘാസുകൾ പരിഗണിക്കുകയും L1 ആയ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിന് പേപ്പർ വാങ്ങുന്നതിനുള്ള അനുമതിയും നൽകാൻ തീരുമാനിച്ചു. എന്നാൽ പേപ്പർ കാർഡ് പർച്ചേസ് സംബന്ധിച്ച് L1 **(മെ. ഖന്ന പേപ്പർ മിൽസ്)** പിൻമാറിയത് കാരണം വീണ്ടും ദർഘാസ് ക്ഷണിക്കുന്നതിന്റെ സമയക്കുറവ് കമ്മിറ്റി പരിഗണിക്കുകയും, ഭരണ വകുപ്പ് ഫയലിലെ ഖണ്ഡിക 26-ലെ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പരിഗണിച്ചും പാഠപുസ്തകവിതരണം സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാർത്ഥികൾക്കുള്ള പുസ്തകം കൃത്യ സമയത്ത് വിതരണം ചെയ്യേണ്ട അടിയന്തര സാഹചര്യം പരിഗണിച്ചും L2 സ്ഥാപനമായ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിന് പേപ്പർ കാർഡ് പർച്ചേസ് ചെയ്ത് നൽകുന്നതിന് യോഗത്തിൽ തീരുമാനിച്ചു.*

*മേൽ സാഹചര്യത്തിൽ പാഠപുസ്തക അച്ചടിയ്ക്ക് ആവശ്യമായ പേപ്പർ ഇനങ്ങൾ വാങ്ങുന്നതിന് മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിന് അനുമതി നൽകാവുന്നതാണ്. പേപ്പർ കാർഡ് വാങ്ങുന്നത് സംബന്ധിച്ച് വീണ്ടും ഒരു ദർഘാസ് ക്ഷണിക്കുന്നതിനുള്ള സമയ ലഭ്യത ഭരണ വകുപ്പ് പരിശോധിച്ച് സാധ്യമാകുന്ന പക്ഷം വീണ്ടും ദർഘാസ് ക്ഷണിക്കാവുന്നതും അല്ലാത്ത പക്ഷം L2 ആയ മെ. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിന് നൽകുന്നതാണ് ഉചിതമെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

**<u>തീരുമാനിക്കേണ്ട സംഗതി</u>**

2025-26 അധ്യയന വർഷത്തെ 1 മുതൽ 10 തലം വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക അച്ചടിക്കായുള്ള 5 തരം പേപ്പറുകൾ L1 ബിഡറായ മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും, 2 തരം പേപ്പർ കാർഡിനങ്ങൾ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.48 ലെ വ്യവസ്ഥകളിൽ ഇളവ് നൽകി L2 ബിഡറായിട്ടുള്ള മെ. തമിഴ് നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും ആകെ തുകയായ **98,29,61,987/- രൂപയ്ക്ക് (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി അറുപത്തൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം)** വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകാവുന്നതാണോ ?